# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4033 — 03/02/2014-ൽ മറുപടിക്ക്

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. എസ്. ശർമ്മ<br>" കെ. വി. അബ്ദുൾ ഖാദർ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരത്തെക്കുറിച്ച് കെ.എം.എസ്.സി.എൽ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ് സ്റ്റഡീസ് നടത്തിയ പഠനഫലം വെളിപ്പെടുത്തുമോ; | (എ) | പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (ബി) | ടെൻഡർ ചെയ്യുന്ന ഘട്ടത്തിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനമില്ലെന്നും സാമ്പിളുകളും യഥാർത്ഥത്തിൽ വിതരണം ചെയ്യുന്നതും ഒരേ മരുന്നാണെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ലെന്നുമുള്ള വസ്തുതയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | മരുന്നു നിർമ്മാതാക്കൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് സഹിതം നൽകുന്ന മരുന്നുകളാണ് കോർപ്പറേഷൻ സംഭരിച്ചു വരുന്നത്. വാങ്ങുന്നതിനു മുൻപ് ടെൻഡർ നടപടികളുടെ ഭാഗമായി നടത്തുന്ന സാമ്പിൾ പരിശോധനയല്ലാതെ മറ്റു പരിശോധനകളൊന്നും നടത്തുന്നില്ല. 2014-15 ലെ ടെൻഡറിൽ കമ്പനികൾ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഓരോ ബാച്ചിനും NABL അക്രഡിറ്റേഷൻ ഉള്ള ലാബുകളിൽ നിന്നുള്ള ഗുണനിലവാര പരിശോധനാ റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങുന്ന മരുന്നുകളുടെ ഏതാണ്ട് 25% ഗുണനിലവാരമില്ലാത്തതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ സത്വര നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ചു വിതരണം ചെയ്യുന്ന എല്ലാ മരുന്നുകൾക്കും (എക്സ്-റേ ഐറ്റംസ്, നിശ്ചിത ഊഷ്മാവിൽ സൂക്ഷിക്കുന്ന വാക്സിൻ, ഇൻസുലിൻ എന്നിവ ഒഴികെയുള്ളവ) ഗുണനിലവാര പരിശോധന നടത്താറുണ്ട്. ഇതിനായി ഇന്ത്യയൊട്ടാകെയുള്ള NABL-ന്റെ ഔദ്യോഗികമായ അംഗീകാരമുള്ളതും, അതാത് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരമുള്ള എട്ട് ലാബുകളും, തിരുവനന്തപുരത്തുള്ള ഗവൺമെന്റ് അനലറ്റിക്കൽ ലാബിനെയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇപ്രകാരം ഗുണനിലവാര പരിശോധന നടത്തുന്ന മരുന്നുകളിൽ ഒരു ശതമാനത്തിൽ താഴെമാത്രമേ ഗുണനിലവാരമില്ലാത്തതായി കാണുന്നുള്ളൂ. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ കണക്ക് ചുവടെ ചേർക്കുന്നു. |

| Sl. No. | Financial Year | No. of Batches sent to Lab | No. of Failed batches | % of fail |
|---|---|---|---|---|
| 1. | 2010-11 | 7660 | 96 | 1.25% |
| 2. | 2011-12 | 6608 | 43 | 0.65% |
| 3. | 2012-13 | 11781 | 63 | 0.53% |

ശരാശരി 0.81%

സെക്ഷൻ ഓഫീസർ